പുതിയ അൺഎയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി

35 [1136] ഡോ. തോമസ് ഐസക് :

ശ്രീ. വി. കെ. ചന്ദ്രൻ :

,, എം. വി. ജയരാജൻ :

,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അൺഎയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വ്യത്യാസം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1871 സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം സർക്കാർ സ്കൂളുകളിൽ 61,036 കുട്ടികളും, എയ്ഡഡ് സ്കൂളുകളിൽ 18,999 കുട്ടികളുടേയും കുറവുണ്ടായിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിൽ 21,537 കുട്ടികൾ കൂടിയിട്ടുണ്ട്.

ഹയർ സെക്കന്ററി അദ്ധ്യാപക ഒഴിവുകൾ

36 [1137] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി മേഖലയിൽ അദ്ധ്യാപക തസ്തികകളിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര വീതം ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) അദ്ധ്യാപക തസ്തികകളിൽ നോൺ ജോയിനിംഗ് ആയി വന്ന ഒഴിവുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly